# മലേഷ്യൻ പ്രധാനമന്ത്രി ഡാറ്റോ സെരി അൻവർ ബിൻ ഇബ്രാഹിം ഇന്ത്യ സന്ദർശിക്കുന്നു (ഓഗസ്റ്റ് 19-21, 2024)

ഓഗസ്റ്റ് 18, 2024

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം ബഹുമാന്യനായ മലേഷ്യൻ പ്രധാനമന്ത്രി ഡാറ്റോ സെരി അൻവർ ബിൻ ഇബ്രാഹിം ഓഗസ്റ്റ് 19-21 തീയതികളിൽ ഇന്ത്യ സന്ദർശിക്കും. പ്രധാനമന്ത്രി പദത്തിലിരുന്നു കൊണ്ട് അൻവർ ഇബ്രാഹിം നടത്തുന്ന ആദ്യ സന്ദർശനമായിരിക്കും ഇത്.

2. ആഗസ്റ്റ് 20 ന് പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിന് രാഷ്ട്രപതി ഭവൻറെ ഫോർകോർട്ടിൽ ആചാരപരമായ സ്വീകരണം ലഭിക്കും. മഹാത്മാഗാന്ധിക്ക് ആദരാഞ്ജലികൾ അർപ്പിക്കാൻ രാജ് ഘട്ടിലേക്ക് പോകുന്ന അദ്ദേഹം പിന്നീട് പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ചർച്ചയിൽ പങ്കെടുക്കുകയും. തുടർന്നു നൽകുന്ന ഉച്ചഭക്ഷണവും കഴിഞ്ഞ ശേഷം പ്രധാനമന്ത്രി അൻവർ ഇബ്രാഹിം രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമുവിനെ കാണും. ഒപ്പം തന്നെ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിനെ കാണുന്നുണ്ട്.

3. ഇന്ത്യയും മലേഷ്യയും തമ്മിൽ ശക്തമായ ചരിത്രവും സാമൂഹിക-സാംസ്കാരികവുമായ ബന്ധമുണ്ട്. 2015 - ൽ പ്രധാനമന്ത്രി മോദി മലേഷ്യ സന്ദർശിച്ച വേളയിൽ ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തിയ തന്ത്രപരമായ പങ്കാളിത്തം എന്ന നിലയിലേക്ക് ഉയർത്തിയിരുന്നു അടുത്ത വർഷം ഈ പങ്കാളിത്തത്തിൻറെ രണ്ടാം ദശകത്തിലേക്ക് കടക്കുമ്പോൾ, പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിൻറെ സന്ദർശനം, ഭാവിയിലേക്കുള്ള വിവിധ മേഖലകളിലെ സഹകരണ അജണ്ട രൂപപ്പെടുത്തുന്നതിലൂടെ ഇന്ത്യ-മലേഷ്യ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വഴിയൊരുക്കും.

**ന്യൂഡൽഹി**
**ഓഗസ്റ്റ് 18, 2024**